# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5435 — 06.07.2012 ൽ മറുപടിക്ക്

### സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ തസ്തിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യവകുപ്പിന് കീഴിലെ സർക്കാർ ആശു പത്രികളിൽ അഡ്മിനിസ്ട്രേഷൻ, ക്ലിനിക്കൽ ജോലികളിൽ ഡോക്ടർമാരുടെ ജോലിഭാരം ലഘൂകരിക്കുന്ന വിധത്തിൽ എം. എച്ച്.എ ക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) എൻ.ആർ.എച്ച്.എം. വഴി എം.ബി.എ., എം.എച്ച്.എ എം.എസ്.ഡബ്ല്യു യോഗ്യതയുള്ളവരെ ഡെപ്യൂട്ടേഷൻ/കരാർ വ്യവസ്ഥയിൽ പി.ആർ.ഒ.മാരായും പി.ആർ.ഒ. കം ലയസനിംഗ് ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്. |
| (ബി) പൈ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഹോസ്പിറ്റ ലുകളിൽ ജൂനിയർ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ തസ്തിക സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ആരോഗ്യവകുപ്പിൽ പി.ആർ.ഒ, ക്വാളിറ്റി അഷ്വറൻസ് ഓഫീസർ തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുമോ; | (സി) നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ പ്രസ്തുത തസ്തിക നിലവിലുണ്ട്. |
| ഡി) ആരോഗ്യവകുപ്പിൽ എപ്പിഡെമിയോളജിസ്റ്റ്, പി.ആർ.ഒ കം ലെയ്സൺ ഓഫീസർ തസ്തികകൾ സൃഷ്ടിക്കുമോ; | (ഡി) നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ പ്രസ്തുത തസ്തിക നിലവിലുണ്ട്. |
| (ഇ) എം. ജി. യൂണിവേഴ്സിറ്റിയുടെ എം. എച്ച്. എ പാസായിട്ടുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ കേരള സർക്കാരിന്റെ ആരോഗ്യവകുപ്പിനു കീഴിൽ ഏതെല്ലാം തസ്തികകളിലേക്ക് അപേക്ഷിക്കാം; വ്യക്തമാക്കുമോ; | (ഇ) എൻ.ആർ.എച്ച്.എമ്മിൽ അസിസ്റ്റന്റ് ക്വാളിറ്റി അഷ്വറൻസ് ഓഫീസർ തസ്തികയ്ക്ക് നോട്ടിഫിക്കേഷൻ വരുന്ന മുറയ്ക്ക് എം.എച്ച്.എ പാസ്സായിട്ടുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. |
| (എഫ്) എം. ജി. യൂണിവേഴ്സിറ്റിയുടെ എം.പി.എച്ച് പാസായിട്ടുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ കേരള സർക്കാരിന്റെ ആരോഗ്യവകുപ്പിനു കീഴിൽ ഏതെല്ലാം തസ്തികകളിലേക്ക് അപേക്ഷിക്കാം; | (എഫ്) എൻ.ആർ.എച്ച്.എമ്മിൽ അസിസ്റ്റന്റ് ക്വാളിറ്റി അഷ്വറൻസ് ഓഫീസർ തസ്തികയ്ക്ക് എം.പി.എച്ച്.കാർക്ക് നോട്ടിഫിക്കേഷൻ വരുന്ന മുറയ്ക്ക് അപേക്ഷിക്കാവുന്നതാണ്. |
| (ജി) എം. എ സോഷ്യോളജി, എം.എസ്.ഡബ്ല്യു എന്നീ കോഴ്സുകൾ യോഗ്യതയായുള്ള തസ്തിക കളിലേക്ക് എം.പി.എച്ച് പാസായവർക്കു കൂടി അപേക്ഷിക്കാനാകുന്ന വിധത്തിലാ ക്കുന്ന കാര്യം പരിഗണിക്കുമോ? | (ജി) ഓരോ തസ്തികയ്ക്കും അപേക്ഷ ക്ഷണിക്കുമ്പോൾ അതിനനുസൃതമായ യോഗ്യതകൾ നിഷ്കർഷിച്ചാണ് നോട്ടിഫിക്കേഷൻ ക്ഷണിക്കുന്നത്. ആയതിനാൽ എല്ലാ യോഗ്യതകളും എല്ലാ തസ്തികകൾക്കും അനുവദനീയമാകുന്നില്ല. |

B.V. Raman

സെക്ഷൻ ഓഫീസർ